**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6871** **21-03-2023 - ൽ മറുപടിയ്ക്ക്**

**വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില്ലേജ്/താലൂക്ക് ഓഫീസ് വഴി റവന്യൂ വകുപ്പ് നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന് വേണ്ടി ഒരു വ്യക്തിയുടെ വരുമാനം കണക്കാക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ ഏത് ഉത്തരവ് പ്രകാരം ആണെന്നും അവ എന്തെല്ലാമാണെന്നും ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വില്ലേജ്/താലൂക്ക് ഓഫീസ് വഴി റവന്യൂ വകുപ്പ് നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന് വേണ്ടി ഒരു വ്യക്തിയുടെ വരുമാനം കണക്കാക്കുന്നത് 22/01/2019 ലെ സ.ഉ.(അച്ചടി)നം.10/2019/റവ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ലാൻഡ് റവന്യൂ മാമ്പൽ വാല്യം - VI ലെ ഖണ്ഡിക 247, 248 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ്.<br><br>പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വരുമാന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തി നൽകുകയാണ് വേണ്ടത്. എന്നാൽ അപൂർവ്വം അവസരങ്ങളിൽ അപേക്ഷകന്റെ വ്യക്തിഗത വരുമാനവും നിർണ്ണയിച്ച് നൽകേണ്ടി വരാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ കുടുംബ വാർഷിക വരുമാനത്തോടൊപ്പം അപേക്ഷകന്റെ വ്യക്തിഗത വരുമാനം കൂടി രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും യഥാർത്ഥത്തിലും സ്ഥിരമായും ആർജ്ജിക്കുന്ന എല്ലാത്തരം വരവുകളുടെയും ആകെത്തുകയാണ് "വരുമാനം". ഇത്തരത്തിൽ ഒരു വർഷം അപേക്ഷകന്റെ കുടുംബത്തിന് എത്ര വരുമാനമുണ്ടെന്ന് നിർണ്ണയിക്കുകയാണ് വേണ്ടത്. ഇതിലേക്കായി അപേക്ഷാ തീയതിയിൽ നിന്നും പിന്നിലേക്കുള്ള ഒരു കലണ്ടർ വർഷത്തെ ആകെയുള്ള സ്ഥിരവരവുകളെയാണ് പരിഗണിക്കേണ്ടത്. എന്നാൽ സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടയാളിന്റെ ആശ്രിതന് തൊഴിൽ ലഭിക്കുന്നതിനു വേണ്ടി കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ ജീവനക്കാരൻ/ജീവനക്കാരി മരണമടഞ്ഞ തീയതിയിൽ നിന്നും ഒരു |

വർഷത്തിനുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം എന്നു വ്യവസ്ഥയുള്ളതിനാൽ പ്രസ്തുത കാലയളവിലെ വരുമാനം മാത്രമേ ആയതിന് കണക്കിലെടുക്കാൻ പാടുള്ളൂ.

കുടുംബവാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ ചുവടെ ചേർക്കുന്നവരെയാണ് കുടുംബാംഗങ്ങളായി പരിഗണിക്കേണ്ടത്.

(എ) അപേക്ഷകൻ / അപേക്ഷക

(ബി) അപേക്ഷകന്റെ / അപേക്ഷകയുടെ ഭാര്യ/ ഭർത്താവ്
(സി) അപേക്ഷകന്റെ / അപേക്ഷകയുടെ മാതാപിതാക്കൾ / രക്ഷാകർത്താവ് / ഒരുമിച്ച താമസിക്കുന്ന രണ്ടാനച്ഛൻ, രണ്ടാനമ്മ

(ഡി) ഒരുമിച്ച താമസിക്കുന്ന സഹോദരീ സഹോദരന്മാർ.

വിവാഹിതരായ മക്കൾ ഒരു കുടുംബത്തിൽ ഒരുമിച്ച താമസിച്ചാലും അവരെ പ്രത്യേക കുടുംബമായി കണക്കാക്കി അവരുടെ കുടുംബ വാർഷിക വരുമാനം പ്രത്യേകമായി തിട്ടപ്പെടുത്തേണ്ടതാണ്. അവിവാഹിതരായ അപേക്ഷകരുടെ കാര്യത്തിൽ മാത്രമേ മാതാപിതാക്കളുടെ വരുമാനം കുടുംബ വാർഷിക വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ.

അവിവാഹിതരായ മക്കൾ പ്രത്യേകമായി താമസിച്ചിരുന്നാലും അവരുടെ കുടുംബ വാർഷിക വരുമാനം നിർണ്ണയിക്കുമ്പോൾ അവരുടെയും കുടുംബാംഗങ്ങളുടെയും വരുമാനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

അപേക്ഷകന്റെയോ അപേക്ഷകയുടെയോ മാതാവോ പിതാവോ വിവാഹബന്ധം വേർപെടുത്തിയ ശേഷം ഉപേക്ഷിച്ച പോയിട്ടുള്ള പക്ഷം അത്തരത്തിൽ ഉപേക്ഷിച്ചപോയ മാതാവിന്റെ /പിതാവിന്റെ വരുമാനം കുടുംബ വാർഷിക വരുമാന നിർണ്ണയത്തിന് പരിഗണിക്കേണ്ടതില്ലാത്തതാണ്.

കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ ഒരു കുടുംബത്തിനൊപ്പം താമസിച്ച വരുന്ന വിധവയുടെ വ്യക്തിഗത വരുമാനം പ്രസ്തുത കുടുംബത്തിലെ മറ്റംഗങ്ങളുടെ കുടുംബവാർഷിക വരുമാന നിർണ്ണയത്തിനായി പരിഗണിക്കാൻ പാടില്ലാത്തതാണ്. എന്നാൽ പ്രസ്തുത വിധവ അപേക്ഷകയായി വരുന്ന അവസരങ്ങളിൽ

ടിയാളുടെ വരുമാനം വരുമാന നിർണ്ണയത്തിനായി കണക്കാക്കേണ്ടതുമാണ്.

കുടുംബാംഗങ്ങൾ യഥാർത്ഥത്തിൽ ആർജ്ജിക്കുന്ന സ്ഥിരവരവുകൾ എന്നതിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു.

(എ) ശമ്പളം

(ബി) സർവീസ് പെൻഷൻ/ കുടുംബ പെൻഷൻ / ക്ഷേമ പെൻഷൻ.
(സി) ആറുമാസത്തിലധികരിക്കുന്ന കാലത്തേക്കുള്ള ഓണറേറിയം
(ഡി) കാർഷികവൃത്തിയിൽ നിന്നുള്ള വരുമാനം

(ഇ) വാടക, പാട്ടം എന്നിവയിൽ നിന്നുള്ള വരുമാനം
(എഫ്) കച്ചവടം/ വ്യവസായത്തിൽ നിന്നുള്ള വരുമാനം
(ജി) കൂലിയിനത്തിലുള്ള വരുമാനം/ എല്ലാത്തരം തൊഴിലുകളിൽ നിന്നുമുള്ള വരുമാനം

(എച്ച്) ബാങ്ക് നിക്ഷേപം / ഓഹരി എന്നിവയിൽ നിന്നുള്ള പലിശ / ഡിവിഡന്റ് എന്നിവ

(ഐ) കലാകായിക പ്രവർത്തനങ്ങളിൽ നിന്നുള്ള വരവുകൾ

(ജെ) ബ്രോക്കറേജ് / കമ്മീഷൻ

ശമ്പള വരുമാനം തിട്ടപ്പെടുത്തുമ്പോൾ ആദായ നികുതി നിർണ്ണയിക്കുന്നതിനായി ശമ്പളത്തിലുൾപ്പെടുത്തുന്ന ഏതെല്ലാം ഇനങ്ങൾ ഉണ്ടാകുമോ അവയെല്ലാം ഉൾപ്പെടുത്തിയിരിക്കണം. യാത്രാബത്ത, പ്രത്യേക ജോലികൾക്കുള്ള ഓണറേറിയം എന്നിവ മാത്രമേ ശമ്പളത്തിൽ നിന്ന് ഒഴിവാക്കേണ്ടതുള്ളൂ. എന്നാൽ സേവനം അവസാനിക്കുമ്പോൾ / അവസാനിപ്പിക്കുമ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ, ലീവ് ശമ്പളം, ഉത്സവ ബത്ത എന്നിവ വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതില്ലാത്തതാണ്. ശമ്പള വരുമാനക്കാരുടെ കാര്യത്തിൽ ബന്ധപ്പെട്ട അധികാരികൾ അനുവദിക്കുന്ന ശമ്പള സർട്ടിഫിക്കറ്റ് അടിസ്ഥാനപ്പെടുത്തിയാകണം വരുമാന നിർണ്ണയം നടത്തേണ്ടത്.

സർവ്വീസ് പെൻഷൻകാരുടെ സംഗതിയിൽ പെൻഷൻ പേയ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിലുള്ള ക്ഷാമാശ്വാസം ഉൾപ്പെടെയുള്ള പെൻഷൻ തുകയാണ് (കമ്മ്യൂട്ടേഷൻ

തുക കഴിച്ചുള്ളത്) വരുമാന നിർണ്ണയത്തിനായി പരിഗണിക്കേണ്ടത്. കുടുംബ പെൻഷൻ, ക്ഷേമ പെൻഷൻ, ജനപ്രതിനിധികൾക്കുള്ള പെൻഷൻ എന്നിവയുടെ കാര്യത്തിൽ പൂർണ്ണമായ പെൻഷൻ തുക വരുമാന നിർണ്ണയത്തിനായി പരിഗണിക്കേണ്ടതാണ്.

കച്ചവടത്തിൽ / വ്യാപാരത്തിൽ നിന്നുള്ള വരുമാനം കണക്കാക്കുമ്പോൾ നികുതിദായകരുടെ കാര്യത്തിൽ ആദായനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിലും അല്ലാതെയുള്ളവരുടെ കാര്യത്തിൽ അപേക്ഷകന്റെ സത്യ പ്രസ്താവനയുടെ അടിസ്ഥാനത്തിലും, കൂടാതെ ആവശ്യമായ രേഖകൾ ലഭ്യമാക്കിയും പ്രാദേശികാന്വേഷണം നടത്തിയും വരുമാനം നിർണ്ണയിക്കാവുന്നതാണ്. ഇത്തരത്തിൽ വരുമാനം നിർണ്ണയിക്കുമ്പോൾ ചെലവുകൾ കഴിച്ചുള്ള അറ്റാദായം മാത്രമേ വരുമാനം നിർണ്ണയിക്കുന്നതിനായി കണക്കിലെടുക്കാൻ പാടുള്ളൂ.

വിദേശത്ത് ജോലി / ബിസിനസ് ചെയ്യുന്നവരുടെ വരുമാനം കണക്കാക്കുമ്പോൾ ലഭ്യമായ രേഖകളുടെയും അപേക്ഷകൻ ഹാജരാക്കുന്ന സത്യപ്രസ്താവനയുടെയും അടിസ്ഥാനത്തിലാകണം വരുമാന നിർണ്ണയം നടത്തേണ്ടത്. ഇത്തരം സംഗതികളിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പരിശോധനയ്ക്കായി ആവശ്യപ്പെടാവുന്നതുമാണ്.

വസ്തുവകകളിൽ / കാർഷിക വൃത്തിയിൽനിന്നുള്ള വരുമാനം കണക്കാക്കുമ്പോൾ കാർഷിക വിളകളുടെ / ദേഹണ്ഡങ്ങളുടെ മൂല്യം നാട്ടുനടപ്പ് അയലാചാരപ്രകാരം തിട്ടപ്പെടുത്തി ചെലവു തുകകൾ കഴിച്ചുള്ള തുകയാണ് വരുമാനമായി തിട്ടപ്പെടുത്തേണ്ടത്.

വാടക വരുമാനം കണക്കാക്കുമ്പോൾ കെട്ടിടങ്ങൾ / വാഹനങ്ങൾ, യന്ത്രങ്ങൾ/ഉപകരണങ്ങൾ എന്നിവ വാടകയ്ക്ക് നൽകുക വഴിയുള്ള യഥാർത്ഥ വരുമാനത്തിൽ നിന്നും വാർഷിക അറ്റകുറ്റപ്പണിക്കുള്ള / സംരക്ഷണ ചെലവിനുള്ള തുക കുറവ് ചെയ്തശേഷം അവശേഷിക്കുന്ന തുകയാകണം വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടത്. വാടക ഉടമ്പടി തയ്യാറാക്കിയിട്ടുള്ള പക്ഷം ആയത് ഇത്തരം വരുമാന നിർണ്ണയത്തിന് അടിസ്ഥാന രേഖയായി പരിഗണിക്കാവുന്നതാണ്.

ദിവസക്കൂലിക്കാരുടെ വരുമാനം പ്രാദേശികാന്വേഷണത്തിൽ ലഭ്യമായ വിവരങ്ങളുടെയും അപേക്ഷകൻ നൽകുന്ന

| | | | |
|---|---|---|---|
| | | | സത്യപ്രസ്താവനയുടെയും അടിസ്ഥാനത്തിൽ വരുമാന നിർണ്ണയം നടത്താവുന്നതാണ്. ഇത്തരക്കാരുടെ വരുമാന നിർണ്ണയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ധ തൊഴിലാളികൾക്ക് 100 തൊഴിൽ ദിവസങ്ങൾക്കു നൽകുന്ന കൂലിയിൽ കുറഞ്ഞ തുക വാർഷിക വരുമാനമായി തിട്ടപ്പെടുത്താൻ പാടില്ലാത്തതാണ്.<br><br>സാമൂഹിക സേവനം ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്കോ മറ്റു ജോലികൾക്കോ പ്രതിഫലമായി ലഭിക്കുന്ന എല്ലായിനം ഓണറേറിയങ്ങളും അവ ആറുമാസത്തിലധികമായി ലഭിച്ചുവരുന്നപക്ഷം വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതാണ്. ജനപ്രതിനിധികൾക്കു ലഭിക്കുന്ന ഓണറേറിയങ്ങളും വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന ഓണറേറിയം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലോ പ്രവർത്തനത്തിന്റെ മേഖല ഏതെന്നതിന്റെ അടിസ്ഥാനത്തിലോ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനെ അടിസ്ഥാനമാക്കിയോ ഇത്തരക്കാരുടെ വരുമാനം തിട്ടപ്പെടുത്തേണ്ടതാണ്.<br><br>സ്വകാര്യ തൊഴിൽ ചെയ്യുന്നവരുടെ / പ്രൊഫഷണൽ വിഭാഗത്തിന്റെ വരുമാനം - നികുതിദായകരുടെ സംഗതിയിൽ ആദായനികുതി റിട്ടേണിന്റെ/ അല്ലാത്തവരുടെ കാര്യത്തിൽ അപേക്ഷകൻ ഹാജരാക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും. പ്രാദേശികാന്വേഷണത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും വരുമാന നിർണ്ണയം നടത്താവുന്നതാണ്.<br><br>കേരള ലാൻഡ് റവന്യൂ മാന്വൽ വാല്യം - VI ലെ ഖണ്ഡിക 247, 248 എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ആദായ നികുതിദായകനായ വ്യക്തിയുടെ വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | നികുതി ദായകരുടെ കാര്യത്തിൽ ആദായനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിലും അല്ലാതെയുള്ളവരുടെ കാര്യത്തിൽ അപേക്ഷകന്റെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലുമാണ് വരുമാനം കണക്കാക്കുന്നത്. കൂടാതെ ആവശ്യമായ രേഖകൾ ലഭ്യമാക്കിയും പ്രാദേശികാന്വേഷണം നടത്തിയും വരുമാനം നിർണ്ണയിക്കാവുന്നതാണ്. കച്ചവട വ്യാപാര വരുമാനം നിർണ്ണയിക്കുമ്പോൾ ചെലവുകൾ കഴിച്ചുള്ള അറ്റാദായം മാത്രമേ വരുമാനം നിർണ്ണയിക്കുന്നതിനായി കണക്കിലെടുക്കാൻ പാടുള്ളൂ. |

സെക്ഷൻ ഓഫീസർ

**247. വരുമാന സർട്ടിഫിക്കറ്റ്-** (1) വരുമാന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തി നൽകുകയാണ് വേണ്ടത്. എന്നാൽ അപൂർവ്വം അവസരങ്ങളിൽ അപേക്ഷകന്റെ വ്യക്തിഗത വരുമാനവും നിർണ്ണയിച്ചു നൽകേണ്ടിവരാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ കുടുംബ വാർഷിക വരുമാനത്തോടൊപ്പം അപേക്ഷകന്റെ വ്യക്തിഗത വരുമാനം കൂടി രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും യഥാർത്ഥത്തിലും സ്ഥിരമായും ആർജ്ജിക്കുന്ന എല്ലാത്തരം വരവുകളുടെയും ആകെത്തുകയാണ് "വരുമാനം". ഇത്തരത്തിൽ ഒരു വർഷം അപേക്ഷകന്റെ കുടുംബത്തിന് എത്ര വരുമാനമുണ്ടെന്ന് നിർണ്ണയിക്കുകയാണ് വേണ്ടത്. ഇതിലേക്കായി അപേക്ഷാ തീയതിയിൽ നിന്നും പിന്നിലേക്കുള്ള ഒരു കലണ്ടർ വർഷത്തെ ആകെയുള്ള സ്ഥിരവരവുകളെയാണ് പരിഗണിക്കേണ്ടത്. എന്നാൽ സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടയാളിന്റെ ആശ്രിതന് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ ജീവനക്കാരൻ/ ജീവനക്കാരി മരണമടഞ്ഞ തീയതിയിൽ നിന്നും ഒരു വർഷത്തിനുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം എന്നു വ്യവസ്ഥയുള്ളതിനാൽ പ്രസ്തുത കാലയളവിലെ വരുമാനം മാത്രമേ ആയതിന് കണക്കിലെടുക്കാൻ പാടുള്ളൂ.

(2) സംസ്ഥാനാവശ്യങ്ങൾക്കുള്ള (സംസ്ഥാനത്തിനുള്ളിലെ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കൊഴികെ) വരുമാന സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കുള്ള വരുമാന സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാരുമാണ് അനുവദിക്കുന്നത്.

(3) കുടുംബവാർഷികവരുമാനം തിട്ടപ്പെടുത്തുമ്പോൾ ചുവടെ ചേർക്കുന്നവരെയാണ് കുടുംബാംഗങ്ങളായി പരിഗണിക്കേണ്ടത്.

(എ) അപേക്ഷകൻ/ അപേക്ഷക

(ബി) അപേക്ഷകന്റെ/ അപേക്ഷകയുടെ ഭാര്യ/ഭർത്താവ്

(സി) അപേക്ഷകന്റെ/ അപേക്ഷകയുടെ മാതാപിതാക്കൾ/ രക്ഷാകർത്താവ്/ ഒരുമിച്ചു താമസിക്കുന്ന രണ്ടാനച്ഛൻ, രണ്ടാനമ്മ

(ഡി) ഒരുമിച്ചു താമസിക്കുന്ന സഹോദരീ സഹോദരന്മാർ

*വിശദീകരണം: 1. വിവാഹിതരായ മക്കൾ ഒരു കുടുംബത്തിൽ ഒരുമിച്ചു താമസിച്ചാലും അവരെ പ്രത്യേക കുടുംബമായി കണക്കാക്കി അവരുടെ കുടുംബ വാർഷിക വരുമാനം പ്രത്യേകമായി തിട്ടപ്പെടുത്തേണ്ടതാണ്. അവിവാഹിതരായ അപേക്ഷകരുടെ കാര്യത്തിൽ മാത്രമേ മാതാപിതാക്കളുടെ വരുമാനം കുടുംബ വാർഷിക വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ.*

*വിശദീകരണം: 2. അവിവാഹിതരായ മക്കൾ പ്രത്യേകമായി താമസിച്ചിരുന്നാലും അവരുടെ കുടുംബ വാർഷിക വരുമാനം നിർണ്ണയിക്കുമ്പോൾ അവരുടെയും കുടുംബാംഗങ്ങളുടെയും വരുമാനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.*

*വിശദീകരണം: 3. അപേക്ഷകന്റെയോ അപേക്ഷകയുടെയോ മാതാവോ പിതാവോ വിവാഹബന്ധം വേർപെടുത്തിയശേഷം ഉപേക്ഷിച്ചു പോയിട്ടുള്ള പക്ഷം അത്തരത്തിൽ ഉപേക്ഷിച്ചുപോയ മാതാവിന്റെ/ പിതാവിന്റെ വരുമാനം കുടുംബ വാർഷിക വരുമാന നിർണ്ണയത്തിന് പരിഗണിക്കേണ്ടതില്ലാത്തതാണ്.*

*വിശദീകരണം: 4. കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ ഒരു കുടുംബത്തിനൊപ്പം താമസിച്ചുവരുന്ന വിധവയുടെ വ്യക്തിഗത വരുമാനം പ്രസ്തുത കുടുംബത്തിലെ മറ്റംഗങ്ങളുടെ കുടുംബവാർഷിക വരുമാന നിർണ്ണയത്തിനായി പരിഗണിക്കാൻ പാടില്ലാത്തതാണ്. എന്നാൽ പ്രസ്തുത വിധവ അപേക്ഷകയായി വരുന്ന അവസരങ്ങളിൽ ടിയാളുടെ വരുമാനം വരുമാനനിർണ്ണയത്തിനായി കണക്കാക്കേണ്ടതുമാണ്.*

(4) വരുമാന സർട്ടിഫിക്കറ്റിന് അതനുവദിക്കുന്ന തീയതിയിൽ നിന്നും ഒരു വർഷം വരെ സാധുതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഏതെങ്കിലും ഒരു കോഴ്സിനായി (വിദ്യാഭ്യാസ ആവശ്യം) അനുവദിക്കുന്ന വരുമാന സർട്ടിഫിക്കറ്റിന് പ്രസ്തുത കോഴ്സ് അവസാനിക്കുന്ന തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**248.** വരുമാന നിർണ്ണയം– (1) കുടുംബാംഗങ്ങൾ യഥാർത്ഥത്തിൽ ആർജ്ജിക്കുന്ന സ്ഥിരവരവുകൾ എന്നതിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു:

(എ) ശമ്പളം
(ബി) സർവീസ് പെൻഷൻ/കുടുംബ പെൻഷൻ/ ക്ഷേമ പെൻഷൻ
(സി) ആറുമാസത്തിലധികരിക്കുന്ന കാലത്തേക്കുള്ള ഓണറേറിയം
(ഡി) കാർഷികവൃത്തിയിൽ നിന്നുള്ള വരുമാനം
(ഇ) വാടക, പാട്ടം എന്നിവയിൽ നിന്നുള്ള വരുമാനം
(എഫ്) കച്ചവടം/ വ്യവസായത്തിൽ നിന്നുള്ള വരുമാനം
(ജി) കൂലിയിനത്തിലുള്ള വരുമാനം/ എല്ലാത്തരം തൊഴിലുകളിൽ നിന്നുമുള്ള വരുമാനം
(എച്ച്) ബാങ്ക് നിക്ഷേപം / ഓഹരി എന്നിവയിൽനിന്നുള്ള പലിശ/ ഡിവിഡന്റ് എന്നിവ.
(ഐ) കലാകായിക പ്രവർത്തനങ്ങളിൽ നിന്നുള്ള വരവുകൾ
(ജെ) ബ്രോക്കറേജ്/ കമ്മീഷൻ

(2) **ശമ്പള വരുമാനം-** ശമ്പള വരുമാനം തിട്ടപ്പെടുത്തുമ്പോൾ ആദായ നികുതി നിർണ്ണയിക്കുന്നതിനായി ശമ്പളത്തിലുൾപ്പെടുത്തുന്ന ഏതെല്ലാം ഇനങ്ങൾ ഉണ്ടാകുമോ അവയെല്ലാം ഉൾപ്പെടുത്തിയിരിക്കണം. യാത്രാബത്ത, പ്രത്യേക ജോലികൾക്കുള്ള ഓണറേറിയം എന്നിവ മാത്രമേ ശമ്പളത്തിൽ നിന്ന് ഒഴിവാക്കേണ്ടതുള്ളൂ. എന്നാൽ സേവനം അവസാനിക്കുമ്പോൾ/അവസാനിപ്പിക്കുമ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ, ലീവ് ശമ്പളം, ഉത്സവ ബത്ത എന്നിവ വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതില്ലാത്തതാണ്. ശമ്പള വരുമാനക്കാരുടെ കാര്യത്തിൽ ബന്ധപ്പെട്ട അധികാരികൾ അനുവദിക്കുന്ന ശമ്പള സർട്ടിഫിക്കറ്റ് അടിസ്ഥാനപ്പെടുത്തിയാകണം വരുമാന നിർണ്ണയം നടത്തേണ്ടത്.

(3) **പെൻഷൻ-** സർവ്വീസ് പെൻഷൻകാരുടെ സംഗതിയിൽ പെൻഷൻ പേയ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിലുള്ള ക്ഷാമാശ്വാസം ഉൾപ്പെടെയുള്ള പെൻഷൻ തുക (കമ്മ്യൂട്ടേഷൻ തുക കഴിച്ചുള്ളത്) യാണ് വരുമാന നിർണ്ണയത്തിനായി പരിഗണിക്കേണ്ടത്. കുടുംബ പെൻഷൻ, ക്ഷേമ പെൻഷൻ, ജനപ്രതിനിധികൾക്കുള്ള പെൻഷൻ എന്നിവയുടെ കാര്യത്തിൽ പൂർണ്ണമായ പെൻഷൻ തുക വരുമാന നിർണ്ണയത്തിനായി പരിഗണിക്കേണ്ടതാണ്.

(4) **കച്ചവടത്തിൽ/ വ്യാപാരത്തിൽ നിന്നുള്ള വരുമാനം-** നികുതിദായകരുടെ കാര്യത്തിൽ ആദായനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിലും അല്ലാതെയുള്ളവരുടെ കാര്യത്തിൽ അപേക്ഷകന്റെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലും, കൂടാതെ ആവശ്യമായ രേഖകൾ ലഭ്യമാക്കിയും പ്രാദേശികാന്വേഷണം നടത്തിയും വരുമാനം നിർണ്ണയിക്കാവുന്നതാണ്. കച്ചവട/ വ്യാപാര വരുമാനം നിർണ്ണയിക്കുമ്പോൾ ചെലവുകൾ കഴിച്ചുള്ള അറ്റാദായം മാത്രമേ വരുമാനം നിർണ്ണയിക്കുന്നതിനായി കണക്കിലെടുക്കാൻ പാടുള്ളൂ.

(5) **വിദേശത്ത് ജോലി/ ബിസിനസ് ചെയ്യുന്നവരുടെ വരുമാനം-** ലഭ്യമായ രേഖകളുടെയും അപേക്ഷകൻ ഹാജരാക്കുന്ന സത്യപ്രസ്താവനയുടെയും അടിസ്ഥാനത്തിലാകണം വരുമാന നിർണ്ണയം നടത്തേണ്ടത്. ഇത്തരം സംഗതികളിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പരിശോധനയ്ക്കായി ആവശ്യപ്പെടാവുന്നതുമാണ്.

(6) **വസ്തുവകകളിൽ/ കാർഷിക വൃത്തിയിൽനിന്നുള്ള വരുമാനം-** കാർഷിക വിളകളുടെ/ ദേഹണ്ഡങ്ങളുടെ മൂല്യം നാട്ടുനടപ്പ് അയലാചാരപ്രകാരം തിട്ടപ്പെടുത്തി ചെലവു തുകകൾ കഴിച്ചുള്ള തുകയാണ് വരുമാനമായി തിട്ടപ്പെടുത്തേണ്ടത്.

(7) **വാടക വരുമാനം-** കെട്ടിടങ്ങൾ/ വാഹനങ്ങൾ/ യന്ത്രങ്ങൾ/ ഉപകരണങ്ങൾ എന്നിവ വാടകയ്ക്ക് നൽകുക വഴിയുള്ള യഥാർത്ഥ വരുമാനത്തിൽ നിന്നും വാർഷിക അറ്റകുറ്റപ്പണിക്കുള്ള/ സംരക്ഷണ ചെലവിനുള്ള തുക കുറവുചെയ്തശേഷം അവശേഷിക്കുന്ന തുകയാകണം വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടത്. വാടക ഉടമ്പടി തയ്യാറാക്കിയിട്ടുള്ള പക്ഷം ആയത് ഇത്തരം വരുമാന നിർണ്ണയത്തിന് അടിസ്ഥാന രേഖയായി പരിഗണിക്കാവുന്നതാണ്.

(8) **ദിവസക്കൂലിക്കാരുടെ വരുമാനം-** പ്രാദേശികാന്വേഷണത്തിൽ ലഭ്യമായ

വിവരങ്ങളുടെയും അപേക്ഷകൻ നൽകുന്ന സത്യപ്രസ്താവനയുടെയും അടിസ്ഥാനത്തിൽ വരുമാന നിർണ്ണയം നടത്താവുന്നതാണ്. ഇത്തരക്കാരുടെ വരുമാന നിർണ്ണയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരം അവിദഗ്ധ തൊഴിലാളികൾക്ക് 100 തൊഴിൽ ദിവസങ്ങൾക്കു നൽകുന്ന കൂലിയിൽ കുറഞ്ഞ തുക വാർഷിക വരുമാനമായി തിട്ടപ്പെടുത്താൻ പാടില്ലാത്തതാണ്.

(9) **ഓണറേറിയം-** സാമൂഹിക സേവനം ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്കോ മറ്റു ജോലികൾക്കോ പ്രതിഫലമായി ലഭിക്കുന്ന എല്ലായിനം ഓണറേറിയങ്ങളും അവ ആറുമാസത്തിലധികമായി ലഭിച്ചുവരുന്നപക്ഷം വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതാണ്. ജനപ്രതിനിധികൾക്കു ലഭിക്കുന്ന ഓണറേറിയങ്ങളും വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന ഓണറേറിയം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലോ പ്രവർത്തനത്തിന്റെ മേഖല ഏതെന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനെ അടിസ്ഥാനമാക്കിയോ ഇത്തരക്കാരുടെ വരുമാനം തിട്ടപ്പെടുത്തേണ്ടതാണ്.

(10) **സ്വകാര്യ തൊഴിൽ ചെയ്യുന്നവരുടെ/ പ്രൊഫഷണൽ വിഭാഗത്തിന്റെ വരുമാനം-** നികുതിദായകരുടെ സംഗതിയിൽ ആദായനികുതി റിട്ടേണിന്റെ/ അല്ലാത്തവരുടെ കാര്യത്തിൽ അപേക്ഷകൻ ഹാജരാക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും പ്രാദേശികാന്വേഷണത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും വരുമാന നിർണ്ണയം നടത്താവുന്നതാണ്.